പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3639 10.04.2013 - ൽ മറുപടിയ്ക്ക്

വയോജനങ്ങളുടെ പരിചരണാർത്ഥം ഹെൽപ്പ്ഡെസ്ക്കുകൾ

ചോദ്യം ഉത്തരം

ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ല കളിലും വയോജനങ്ങളുടെ പരിചരണാർത്ഥം ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുന്ന തിന് പദ്ധതി രൂപീകരിച്ചി ട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ 14 ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട 23 നഗരപ്രദേശങ്ങളിൽ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുവേണ്ടി നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതി പ്രകാരമുള്ള ഹെൽപ്പ്ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശ ങ്ങൾ എന്തെല്ലാം; | (ബി) | 65 വയസ്സിന് മേൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തി അവരുടെ ദൈനംദിന ജീവിതം സുഗമവും, സന്തോഷപ്രദവു മാക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കി വരുന്ന പദ്ധതിയായ വയോ മിത്രം പദ്ധതിയിൽ മൊബൈൽ ക്ലിനിക്, ആംബുലൻസ് സൗകര്യം, പാലിയേറ്റിവ് കെയർ, ഹെൽപ്ഡെസ്ക് എന്നീ സേവനങ്ങൾ തികച്ചും സൗജന്യമായി നൽകി വരുന്നു. |
| (സി) | ആരുടെയെല്ലാം പങ്കാളിത്ത ത്തോടും സഹകരണത്തോടെ യുമാണ് പദ്ധതി നടപ്പാക്കാനു ദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വയോമിത്രം പദ്ധതി സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനിലും തെരഞ്ഞെടു ക്കപ്പെട്ട 18 മുനിസിപ്പൽ പ്രദേശങ്ങളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ യാണ് നടപ്പാക്കി വരുന്നത്. |
| (ഡി) | ഇതിന് എന്തെല്ലാം പ്രാരംഭ നട പടികൾ സ്വീകരിച്ചിട്ടുണ്ട്; വിശ ദമാക്കുമോ? | (ഡി) | 2011-12 സാമ്പത്തിക വർഷത്തിൽ കൊല്ലം, തിരുവനന്തപുരം നഗരങ്ങ ളിലും 2012-13 സാമ്പത്തിക വർഷത്തിൽ മറ്റ് മൂന്ന് കോർപ്പറേഷനുകളിലും 18 മുനിസിപ്പൽ പ്രദേശങ്ങളിലും പദ്ധതി പ്രവർത്തനം ആരംഭിച്ചു. |

R. Vijayan

സെക്ഷൻ ഓഫീസർ